# ഗവ:ബോയ്സ് ഹൈസ്കൂൾ

## വടക്കാഞ്ചേരി

തൃശ്ശൂർ 680582 ഫോൺ : 04884 232460
Mail Id. gvhss12@yahoo.com



# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 – 26

# ഘടന

## *അടിസ്ഥാന വിവരങ്ങൾ*

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | ഗവ: ബോയ്സ് ഹൈസ്കൂൾ, വടക്കാഞ്ചേരി |
| 2. | സ്കൂൾ കോഡ് | : | 24033 (HS) |
| 3. | വിലാസം | : | ഗവ: ബോയ്സ് ഹൈസ്കൂൾ, വടക്കാഞ്ചേരി<br>തൃശ്ശൂർ – 680582 |
| 4. | ഫോൺ | : | 04884 232460 |
| 5. | സ്കൂൾ വിദ്യാഭ്യാസ രീതി | : | ഹൈസ്കൂൾ – ആൺക്കുട്ടികൾ |
| 6. | സ്കൂൾ മെയിൽ | : | gbhswky24033@gmail.com |
| 7. | വിദ്യാഭ്യാസ ഉപജില്ല | : | വടക്കാഞ്ചേരി |
| 8. | വിദ്യാഭ്യാസ ജില്ല | : | ചാവക്കാട് |
| 9. | റവന്യൂ ജില്ല | : | തൃശ്ശൂർ |
| 10. | ബിആർസി | : | ബിആർസി, വടക്കാഞ്ചേരി, ആനപ്പാറമ്പ് |
| 11. | സിആർസി | : | സി ആർ സി, വടക്കാഞ്ചേരി |
| 12. | മുൻസിപ്പാലിറ്റി | : | വടക്കാഞ്ചേരി |
| 13. | ബ്ലോക്ക് പഞ്ചായത്ത് | : | വടക്കാഞ്ചേരി |
| 14. | നിയമസഭാ മണ്ഡലം | : | വടക്കാഞ്ചേരി |
| 15. | ലോകസഭാമണ്ഡലം | : | ആലത്തൂർ |
| 16. | താലൂക്ക് | : | തലപ്പിള്ളി |
| 17. | വില്ലേജ് | : | വടക്കാഞ്ചേരി |

# ഉള്ളടക്കം


1. ആമുഖം

2. സ്ഥിര രേഖ

3. വിദ്യാലയത്തിന്റെ ലഘുചരിത്രം

4. വിദ്യാലയം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും പരിമിധികളും

5. വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

6. പൊതുലക്ഷ്യങ്ങൾ

7. പദ്ധതി രൂപീകരണം – ഘട്ടങ്ങൾ

8. പദ്ധതി വിശദാംശങ്ങൾ

9. ഉടൻ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ – വിശദാംശം

10. പ്രതീക്ഷിത നേട്ടങ്ങൾ

11. ഉപസംഹാരം

12. അനുബന്ധം

    മികവുകൾ, നേട്ടങ്ങൾ

# 1. ആമുഖം

തലപ്പിള്ളി താലൂക്കിന്റെ തലസ്ഥാനമായ വടക്കാഞ്ചേരിയുടെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു പൊതുവിദ്യാലയമാണ് ഗവ: ഹയർ സെക്കന്ററി സ്കൂൾ, ഉന്നതമായ അക്കാദമിക നിലവാരം കാത്തു സൂക്ഷിക്കുന്ന ഈ വിദ്യാലയം അക്കാദമികേതര പ്രവർത്തനങ്ങളിലും പ്രശംസനീയമായ വിജയം കൈവരിച്ച് പൊതു സമൂഹത്തിൽ നിറസാന്നിദ്ധ്യമായി നിലകൊള്ളുന്നു. 1977 ൽ ഒരു പ്രൈമറി വിദ്യാലയമായി ആരംഭിച്ച ഈ വിദ്യാലയം ഇന്ന് വികസനത്തിനു തന്നെ മാതൃകയായി നിലകൊള്ളുന്നു.

തൃശ്ശൂർ ജില്ലയിൽ ചാവക്കാട് വിദ്യാഭ്യാസ ജില്ലയിലാണ് ഈ വിദ്യാലയം നിലകൊള്ളുന്നത്. യു. പി, ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിലായി ഏകദേശം 630 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. ഹൈസ്കൂൾ തലം വരെ ആൺക്കുട്ടികൾക്ക് മാത്രമാണ് പ്രവേശനം. യു. പി, ഹൈസ്ക്കൂൾ തലങ്ങളിൽ ഇംഗ്ലീഷ് മീഡിയവും മലയാള മീഡിയവും പ്രവർത്തിച്ചുവരുന്നു.

## സ്കൂൾ പ്രൊഫോർമ I (Academic Year 2025-2026)

## വിദ്യാർത്ഥികളുടെ അംഗസംഖ്യ

## വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

| റവന്യൂ ജില്ലയുടെ പേര്: Thrissur | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | Govt. Boys H. S. S, Wadakkanchery |
| 2. | വിലാസം | WADAKKANCHERY |
| 3. | ഫോൺ നമ്പർ | 04884 232460 |
| 4. | ഇ. മെയിൽ വിലാസം | gbhswky24033@gmail.com |
| 5. | സ്കൂൾ കോഡ് | 24033 |
| 6. | ആൺകുട്ടികൾ/<br>പെൺകുട്ടികൾ/<br>രുംകൂടിയുള്ളത് | ആൺകുട്ടികൾ |
| 7. | സർക്കാർ/എയ്ഡഡ്/ എൺ എയ്ഡഡ് | Government |
| 8. | ക്ലാസ് (സ്റ്റൻഡേർഡ്) | ആരംഭം: 5 അവസാനം : 12 |
| 9. | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര് | General |
| 10. | വിദ്യാഭ്യാസ ഉപജില്ല | Wadakkanchery |
| 11. | വിദ്യാഭ്യാസ ജില്ല | Chavakkad |
| 12. | സ്കൂൾ സ്ഥാപിച്ച വർഷം | 1871 |
| 13. | അസംബ്ലീ നിയോജകമണ്ഡലം | Wadakkanchery |
| 14. | പാലർമെന്റ് നിയോജകമണ്ഡലം | Alathur (SC)* |
| 15. | റൂറൽ/ അർബൻ | Urban |
| 16. | ബ്ലോക്ക് | |
| 17. | താലൂക്ക് | Thalappilly |
| 18. | പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ | Wadakkanchery |

* വകുപ്പിന്റെ പേര്– പൊതു വിദ്യാഭ്യാസ വകുപ്പ്, ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

(മറുപുറം)

**Details of Staff** **HS and U P Section**

| Sl No. | CATEGORY | NO OF TEACHERS | | |
|---|---|---|---|---|
| | | MALE | FEMALE | TOTAL |
| 1. | Headmaster | | 1 | 1 |
| 2. | HAS- phy- Science | 2 | 1 | 3 |
| 3. | Nat- Science | 1 | 1 | 2 |
| 4. | Mathematics | | 3 | 3 |
| 5. | Social Science | 2 | 1 | 3 |
| 6. | English | | 2 | 2 |
| 7. | Hindi | | 2 | 2 |
| 8. | Malayalam - HS | | 3 | 3 |
| 9. | Skt - HS | | 1 | 1 |
| 10. | Arabic HS | | 1 | 1 |
| 11. | U P S A | 1 | 5 | 6 |
| 12. | P E T HS | 1 | | 1 |
| 13. | Drawing | 1 | | 1 |
| 14. | Work | 1 | | 1 |
| 15. | Clerk | 1 | | 1 |
| 16. | Peon | 2 | | 2 |
| 17. | F T M | | 1 | 1 |

# 2. സ്ഥിതി രേഖ

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിന്റെ മധ്യഭാഗത്തായാണ് വടക്കാഞ്ചേരി ഗവ: ഹയർ സെക്കന്ററി സ്കൂൾ നിലകൊള്ളുന്നത്. ഒരു കാലത്ത് കൊച്ചി മഹാരാജാവിന്റെ വിശ്രമകേന്ദ്രമായിരുന്നു ഇവിടെ ഈ വിദ്യാലയത്തിന്റെ മൂന്നു വശവും റോഡുകളും വലതു വശത്ത് പോലീസ് സ്റ്റേഷനും സ്ഥിതി ചെയ്യുന്നു. മച്ചാട്, കോടശ്ശേരി, അകമല തുടങ്ങിയ മലകൾക്ക് ഏകദേശം മധ്യത്തിലാണ് വടക്കാഞ്ചേരിയുടെ സ്ഥാനം പ്രശസ്തമായ മച്ചാട് മാമാങ്കം നടക്കുന്നത് സമീപ പ്രദേശത്താണ് വടക്കാഞ്ചേരി ഗേൾസ് സ്കൂൾ, മുൻസിപ്പാലിറ്റി, റെയിൽവ്വേ സ്റ്റേഷൻ, തലപ്പിള്ളി താലൂക്ക്, വിദ്യാഭ്യാസ ഉപജില്ലാ കേന്ദ്രം, അഞ്ചിലധികം നാഷണൈലൈസ്ഡ് ബാങ്കുകൾ, BSNL, KSEB തുടങ്ങിയ സ്ഥാപനങ്ങൾ, ശിവക്ഷേത്രം, മാരിയമ്മൻ കോവിൽ ക്രിസ്ത്യൻ പള്ളി, മുസ്ലിം ആരാധാനാലയം എന്നിവയെല്ലാം ഈ വിദ്യാലയത്തിനു സമീപ സ്ഥലങ്ങളിലായി സ്ഥിതി ചെയ്യുന്നു. 6 സർക്കാർ പ്രൈമറി സ്കൂളികൾ സമീപത്തായുു്. വടക്കാഞ്ചേരി ഗവ: ബോയ്സ് ലോവൽ പ്രൈമറി സ്കൂൾ ഈ വിദ്യാലയത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നു. ഏകദേശം നൂറ്റി അൻപതിലേറെ വർഷം പഴക്കമുള്ള മണ്ണുകൊുമാത്രം നിർമ്മിച്ച കെട്ടിടത്തിലെ ആദ്യകാലത്തുള്ള റെയിൽവ്വേ സ്റ്റേഷനുകലിൽ ഒന്നായ ഷൊർണൂർ റെയിൽവ്വേ സ്റ്റേഷൻ ഇവിടെ നിന്നും ഏതാനും കിലോമീറ്ററുകൾക്ക് അപ്പുറമാണ്.

## 3. വിദ്യാലയത്തിന്റെ ലഘുചരിത്രം

വടക്കാഞ്ചേരി ഗവ: ഹയർ സെക്കന്ററി സ്കൂൾ നിലവിൽ വന്നിട്ട് ഏകദേശം നൂറ്റി അൻപതോളം വർഷങ്ങളായി. 1877 ൽ ഒരു സ്വകാര്യ പ്രൈമറി സ്ക്കൂൾ ആയിട്ടാണ് ആരംഭം. രാഷ്ട്രീയ രംഗത്തും, കാലാരംഗത്തും, കായികരംഗത്തും സാംസ്കാരിക രംഗത്തും പിൽക്കാലത്ത് പ്രസിദ്ധരായി തീർന്ന പലരും ഈ വിദ്യാലയത്തിൽ പഠിച്ചു പോയവരാണ്. **സിനിമാതാരം ഓടുവിൽ ഉണ്ണികൃഷ്ണൻ, പ്രശസ്തസംവിധായകൻ ഭരതൻ, രാജ്യസഭ MP, C.P. നാരായണൻ, കേരളത്തിലെ ആദ്യ DGP - A. V വെങ്കിടാചലം, കലാമണ്ഡലം ഹൈദരലി, സംവിധായകൻ പി. എൻ മേനോൻ, എഴുത്തുകാരൻ വിലാസിനി, Times of India Executive Director പി. ആർ. കൃഷണമൂർത്തി, കൊടയാക്കടത്ത് ബാലകൃഷ്ണമേനോൻ, പുഴങ്കര ബാലനാരായണൻ, അഡ്വ: എം. കൃഷ്ണൻകുട്ടി, എഴുത്തുകാരൻ പി. ശങ്കരനാരായണൻ, വിജയൻ കുമ്പളങ്ങാട്, ആർ. എം മനക്കലാത്ത്, ജസ്റ്റിസ് വിശ്വനാഥയ്യർ, പത്രപ്രവർത്തകൻ വി. പി രാമടന്ദ്രൻ, (പ്രസ്സ് അക്കാദമി ചെയർമാൻ ആയിരുന്നു) പുല്ലാങ്കുഴൽ വിദഗദ്ധൻ – ജി. ശ്രീകൃഷ്ണൻ** അക്കാലത്തുായിരുന്ന പല വ്യക്തികളുടേയും കഠിനാധ്വാനത്തിന്റെ ഫലമാണ് ഈ വിദ്യാലയത്തെ ഇന്നത്തെ അവസ്ഥയിൽ എത്തിച്ചിട്ടുളളത്. ഒരു പ്രൈമറി മിക്സ്ഡ് സ്കൂളായി ആരംഭിച്ച്, 1938 ൽ ഹൈസ്ക്കൂളായും 1991ൽ വൊക്കേഷണൻ ഹയർ സെക്കന്ററിയായും 1997 ൽ ഹയർ സെക്കന്ററിയായും ഉയർത്തി.

# 4. വിദ്യാലയം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും പരിമിതികളും

വിദ്യാർത്ഥിയുടെ കഴിവിന്റെ സമസ്ത മേഖലകളുടെയും വികസനമാണ് വിദ്യാലയത്തിന്റെ ലക്ഷ്യം. ഭൗതികവും, അക്കാദമികവുമായ വികസനം അതിനാവശ്യമാണ്. ഈ വിദ്യാലയത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികളും സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നോക്കമായ അവസ്ഥയിൽ നിന്നെത്തുന്നവരാണ്. അതുകൊണ്ട് തന്നെ ഇവിടെത്തെ ഓരോ കുട്ടിയുടേയും അക്കാദമികവും സാമൂഹികവും, സാംസ്കാരികവുമായ എല്ലാ വളർച്ചയും ഞങ്ങളുടെ ഉത്തരവാദിത്വമാണ്.

# നിലവിലെ അവസ്ഥാവിശകലനം ഭൗതിക നേട്ടങ്ങൽ

യു. പി, ഹൈസ്ക്കൂൾ വിഭാഗത്തിൽ 2 ക്ലാസ് മുറികൽ സ്മാർട്ട് റൂമുകളായുണ്ട്. 17 ക്ലാസ് മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കി. ഡജ വിഭാഗത്തിന് 10 ക്ലാസ് മുറികളും, ലൈബ്രറി കം റീഡിംഗ് റൂം, സയൻസ് ലാബ്, മോഡേൺ കിച്ചൺ വിത്ത് ഡൈനിംഗ് ഹാൾ എന്നിവ അടങ്ങിയ പുതിയ ബിൽഡിംഗ് പണിപൂർത്തിയായി കൊണ്ടിരിക്കുന്നു.

## ഭൗതികം - പരിമിതികൾ

യു. പി, ഹൈസ്ക്കൂൾ വിഭാഗങ്ങൾക്ക് നല്ല രീതിയിലുള്ള ഓഫീസ്, സ്റ്റാഫ് റൂം എന്നിവയില്ല. എല്ലാ വിഭാഗങ്ങൽക്കും വിവിധ ലാബുകൾ, റീഡിംഗ് റൂം, എന്നിവയ്ക്ക് കെട്ടിടങ്ങളില്ല. ചുറ്റുമതിൽ പൂർണ്ണമല്ല. ഓഡിറ്റോറിയവും, മോഡേൺ കിച്ചണും, ഡൈനിംഗ് ഹാളും അത്യന്താപേക്ഷിതമാണ്. ക്ലാസ് മുറികളിൽ ഫർണിച്ചറുകൾ, ഷെൽഫുകൾ, എന്നിവ അപര്യാപ്തമാണ്. ഡിജിറ്റൽ ലൈബ്രറിയും, സെമിനാർ ഹാളും ആവശ്യമാണ്. വൃത്തിയുള്ള യൂറിയനുകൾ കുറവാണ്. കുടിവെള്ള സംവിധാനം ആധുനിക രീതിയിൽ ആവശ്യമാണ്.

## അക്കാദമികം - നേട്ടങ്ങൾ

മുൻവർഷത്തെ SSLC പരീക്ഷയിൽ 100 ശതമാനം വിജയം നേടാൻ കഴിഞ്ഞു. ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം മുൻനിർത്തി വിദ്യാലയ പരിസരത്തെ നല്ല ഒരു ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന കലോത്സവത്തിലും, ശാസ്ത്രോത്സവത്തിലും കായിക മേളയിലും ഇവിടുത്തെ വിദ്യാർത്ഥികൾ പങ്കെടുക്കുകയും അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

## അക്കാദമികം - പരിമിതികൾ

അക്കാദമിക നിലവാരം ഇനിയും മികവ് പുലർത്തേണ്ടതുണ്ട്. ലൈബ്രറിയും, വിവിധ ലാബുകളും കൂടുതൽ പ്രവർത്തന സജ്ജമാക്കേണ്ടതായുണ്ട്. വിവിധ ഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി ഇനിയും വർദ്ധിപ്പിക്കണം.

ഭൗതിക അപര്യാപ്തതകൾ വിദ്യാർത്ഥികളുടെ അക്കാദമിക മികവിന് തടസമായി നിൽക്കുന്നുണ്ട്. മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവനത്തിന് ആവശ്യമായ അത്മവിശ്വസവും അറിവും ആർജ്ജിക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന്, പഠനബോധന രംഗങ്ങളിലെ പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതായുണ്ട്. ഈ പരിമിതികൾ മറികടന്നാൽ മാത്രമേ ഇവിടുത്തെ ഓരോ വിദ്യാർത്ഥിയുടേയും സമഗ്രമായ വികസനം സാധ്യമാകൂ.

# വിദ്യാലയം - മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

നാട്ടുനന്മയുടേയും പ്രകൃതിയുടേയും അകമ്പടിയോടെ തലപ്പിള്ളി താലൂക്കിന്റെ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന ഒരു വിദ്യാലയമാണ് ഗവ: ഹയർ സെക്കന്ററി വിദ്യാലയം. വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിനായി പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തെ മികവിന്റെ വിദ്യാലയമാക്കി മാറ്റുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഇവിടെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി വിദ്യാർത്ഥികളെ പൊതു വിദ്യാഭ്യാസത്തിലേക്ക് മടക്കി കൊണ്ടുവരാനുള്ള പരിശ്രമവും ആത്മവിശ്വാസവും ഞങ്ങളിൽ ഉണ്ട്. ഈ സദുദ്യമത്തിൽ പൂർവ്വവിദ്യാർത്ഥികളേയും പരിസരത്തെ പ്രമുഖരേയും പങ്കെടുപ്പിച്ച് കൊണ്ട് ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം കൊടുക്കും.

5 മുതൽ 10 വരെയുള്ള ക്ലാസുകളിലെ ഓരോകുട്ടിക്കും അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം നേടിയെടുക്കുന്നതിനോടൊപ്പം ആത്മവിശ്വാസവും, വൈകല്ലബ്യരഹിതവുമായ പൗരൻമാരെ സൃഷ്ടിക്കാനായി ഒത്തൊരുമയോടെ പ്രയത്നിക്കും വിദ്യാർത്ഥികളുടെ കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കാനും പരിമിതികൾ മറികടക്കാമുള്ള ഒട്ടനവധി അവസരങ്ങൾ നൽകി വിദ്യാർത്ഥികളെ വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യത്തിലെത്തിക്കാൻ സാധ്യമാക്കും.

പഠിതാവ് ആർജ്ജിക്കേണ്ട മൂല്യങ്ങൾ - അച്ചടക്കം, സ്വഭാവശുദ്ധി, സത്യസന്ധത, സഹവർത്തിത്വം, സഹകരണം, സമത്വം, ദേശസ്നേഹം, പ്രകൃതി സംരക്ഷണം, സഹജീവിസ്നേഹം മുതലായവയ്ക്ക് ഊന്നൽ നൽകി ഒരു ജനതയെ വാർത്തെടുക്കുവാൻ അതിലൂടെ സമാധനപരമായ ഒരു ജീവിതം നയിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കേണ്ട ഉത്തരവാദിത്തമായി കണക്കാക്കുന്നു. ഈ സദുദ്യമത്തിലൂടെ കുട്ടികളെ ഭാഷ നൈപുണ്യം, ശാസ്ത്രാഭിരുചി വളർത്തൽ, ഗണിത വിജ്ഞാനം, സാമൂഹ്യജ്ഞാനത്തിലൂള്ള വൈദഗ്ധ്യം ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളിലുള്ള അഭിരുചികൾ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രയോജനം, ജീവിതത്തിൽ കൃഷിയുടെ പങ്ക് മനസ്സിലാക്കി തുടർ പ്രവർത്തനങ്ങൾ, ജൈവവൈവിധ്യം എന്നിവ ഉൾകൊള്ളിച്ച് വിദ്യാലയം ഒരു പാഠപുസ്തകം എന്ന സങ്കൽപത്തെ കർമപഥകത്തിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരായി പ്രവർത്തിക്കും കേന്ദ്രമാക്കി സാമൂഹിക പ്രശ്നങ്ങളേയും വൈകാരിക പ്രശ്നങ്ങളെയും അഭിമുഖീകരക്കുവാനും പരിഹാരങ്ങൾ കണ്ടെത്തുവാനുമുള്ള ഒരു സമീപനം കുട്ടികളിൽ വളർത്തിയെടുക്കുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

# പൊതുലക്ഷ്യങ്ങൾ

1. വിദ്യാലയത്തിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണ്യങ്ങളും കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക

2. കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനങ്ങളിൽ ഒതുക്കാതെ സർഗ്ഗപരവും കായികവുമായ കഴിവ് വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലഭ്യമാക്കുക.

3. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവെന്നതിനാൽ, ഈ വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്ന ലക്ഷ്യത്തോടെ സമഗ്രമായ പദ്ധതികൽ ആവിഷ്കരിച്ച് നടപ്പിലാക്കുക.

4. വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും - പരിമിതികൾ മറികടക്കാനും, അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താനും ആവശ്യമായ പഠന ലക്ഷ്യങ്ങൾ നിഷ്കർഷിക്കുകയും കുറവ് പരിഹരിക്കാനാവശ്യമായ അക്കാദമിക പ്രവർത്തനങ്ങൾ നൽകി ശിശുകേന്ദ്രീകൃതമായ ഇടപെടൽ നടത്തുക.

5. അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പു വരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങളും മറ്റ് ഭൗതിക സാഹചര്യങ്ങളും ലഭ്യതയും ഉറപ്പ് വരുത്തുക.

6. ക്യാമ്പസ് തന്നെ പാഠപുസ്തകം - എന്ന ആശയത്തെ മുൻനിർത്തി സ്കൂൾ പരിസരം ഒരു ജൈവവൈവിധ്യ ഉദ്യോനമാക്കി മാറ്റുക.

7. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കും പരിഗണന നൽകി അവരെ മുഖ്യധാരത്തിലെത്തിക്കുക.

8. പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക, മാനസിക സാംസ്കാരിക സൗകര്യങ്ങൾ നൽകി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.

9. ലഹരിയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനും അവക്കെതിരായ മനോഭാവം കുട്ടികളിൽ വളർത്തിയൊടുക്കാനും ഉള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

10. ജനാധ്യപത്യ ശീലങ്ങൾ സ്വാംശീകരിക്കുന്നത്ന് നേതൃത്വപാടവം, പരസ്പര ബഹുമാനം മതേതരത്വം പൊതു നന്മയ്ക്കുവേണ്ടി ഒന്നിച്ചു പ്രവർത്തിക്കൽ എന്നിവ പരിഗണിക്കുന്ന വിദ്യാലയ സാംസ്കാരത്തെ പ്രോത്സാഹിപ്പിക്കുക.

# 7. പദ്ധതി രൂപീകരണം – ഘട്ടങ്ങൾ

26/05/2025 സ്കൂൾ എസ് ആർ ജി സബ്ജക്ട് കൗൺസിൽ  എന്നിവയുടെ നേതോത്വത്തിൽ 5 മുതൽ 10 വരെയുള്ള ക്ലാസികളിൽ ഓരോ വിഷയത്തിലും  ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങളെ കുറിച്ച് ആലോചിച്ചു പൊതു ധാരണകൾ കണ്ടെത്തി

03/06/2025 എസ് ആർ ജി യോഗത്തിൽ അക്കാദമിക പ്രവർത്തം പദ്ധതിക്ക് കരട് രൂപം നൽകി.

05/06/2025 പൊതുധാരണകളുടെ അടിസ്ഥാനത്തിലൽ കരട് പദ്ധതി രുപരേഖ എഴുതി തയ്യാറാക്കി

09/06/2025 എസ്  ആർ ജി യോഗത്തിൽ  കരടു രൂപരേഖ അവതരിപ്പിച്ചു.

11/06/2025 കരട് പദ്ധതി രൂപരേഖ എസ് ആർ ജി യോഗം വിലയിരുത്തുകയും നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കലും നടത്തി മെച്ചപ്പെടുത്തി.

13/06/2025 അന്തിമ അക്കാദമിക് മാസ്റ്റർ പ്ലാൻ ഡിറ്റിപി ചെയ്ത് തയ്യാറാക്കി.

# 8. പദ്ധതി വിശദാംശങ്ങൾ

# അക്കാദമിക പ്രവർത്തനങ്ങൾ

## മേഖല: ഭാഷ

**ഉപമേഖല – മലയാളം – യു. പി – വിഭാഗം**

***മുഖ്യ ലക്ഷ്യങ്ങൾ***

1. എല്ലാകുട്ടികളും അവർ പഠിക്കുന്ന ക്ലാസ്സനുസരിച്ചും നിലവാരമനുസരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പ് വരുത്തും.
2. 5 വർഷത്തിനുള്ളിൽ സ്ക്കൂൾ വിട്ടുപുറത്തു വരുന്ന മുഴുവൻ കുട്ടികളും ഭാഷയിൽ ആശയവിനിമയം നടത്തുന്നതിന് പ്രാപ്തമാകും
3. സ്ക്കൂൾ പഠനം പൂർത്തിയാകുമ്പോഴേക്കും മുഴുവൻ കുട്ടികളും ഫലപ്രദമായ ആശയവിനിമയത്തിനുതുകുന്നവിധം ഭാഷയിലെ വിവിധ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാകും
4. 5 വർഷത്തിനുള്ളിൽ ഓരോ കുട്ടിയുടേയും അഭിരുചിയനുസരിച്ച് സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധ രീതിയിൽ ആവിശ്ക്കരിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കും.
5. 5 വർഷത്തിനുള്ളിൽ ഓരോ കുട്ടിയും തന്റെ ആവശ്യങ്ങൾ, താൽപര്യങ്ങൾ, അഭിലാഷങ്ങൾ എന്നിവ പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നതിന് പ്രാപ്തരാകും.

### ഉപലക്ഷ്യങ്ങൾ

1. ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് സമഗ്രാസൂത്രണം, സൂക്ഷ്മാനുസൂത്രണം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കും.
2. എല്ലാ കുട്ടികൾക്കും വായനയും,എഴുത്തും ഉറപ്പ് വരുത്തും.
3. വായന പരിപേഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങളോരുക്കും (ലൈബ്രറി ശാക്തീകരണം)

അക്കാദമിക് പ്ലാൻ – ഷോർട്ട് ടേം – ഭാഷ

| ക്രമ നമ്പർ | പാഠ്യപദ്ധതി | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളം) | 1.<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4.അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം– അടിക്കുറിപ്പ്<br>9. ചിത്രം– കഥ പറയൽ<br>10.ചിത്രം– കഥ എഴുതൽ<br>11. ചിത്രം– കഥ ബാക്കി എഴുതൽ | 2 months<br>Augt<br>Sept | Books<br>CD | BRC<br>DIET<br>SCERT<br>PTA |

| ക്രമ നമ്പർ | പാഠ്യപദ്ധതി | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | 12. കഥാപുസ്തകം നൽകൽ<br>13. സിഡിയിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | | | |
| | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ്സ് വായനക്കൂട്ട് രൂപീകരിക്കൽ<br>2. വായനനൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്ക്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥ ശാലഅംഗത്വം<br>5.വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്ര വായന<br>7. അമ്മ വായന<br>8. പുസതക ചർച്ച<br>9. വായന അനുഭവം പങ്കുവെയ്ക്കൽ<br>10. വായന കുറിപ്പ് – പതിപ്പ്<br>11. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം ക്ലാസ്സ് സഭ<br>12. ബാലസഭ<br>13. ദിനാചരണങ്ങൾ<br>14. ആനുകാലീക പ്രസിദ്ധീകരണങ്ങൾ – വായന<br>15. വായന സാമഗ്രികൽ വികസിപ്പിക്കൽ<br>16. പുസ്തകം – ഒരുക്കൽ<br>യു പി – വായനക്കൂട്ടം | 6 മാസക്കാലം | ക്ലാസ് ലൈബ്രറി<br>സ്ക്കൂൾ ലൈബ്രറി ഗ്രന്ഥ ശാല<br>പത്രങ്ങൾ<br>ആനുകാലീക പ്രസിദ്ധീകരണങ്ങൾ<br>വായന മൂല<br>വായന മുറി<br>ഇൻർനെറ്റ് കമ്പ്യൂട്ടർ | BRC<br>DIET<br>ഗ്രന്ഥ ശാല<br>PTA |

## മേഖല: ഭാഷ

### ഉപമേഖല - മലയാളം - എച്ച് എസ് - വിഭാഗം

### മുഖ്യ ലക്ഷ്യങ്ങൾ

1. മലയാളം ഭാഷയുടെയും സാഹിത്യ പഠനത്തിന്റെയും പൂർണ്ണതയിലേക്ക് എത്തിക്കുക വായന എഴുത്ത്, ആസ്വാദനം, കരിക്കുലം ലക്ഷ്യമാക്കുന്ന മലയാളം ഭാഷ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും കൈവരിക്കുക.
2. ഭാഷാ പഠനത്തിന്റെ അടിത്തറ ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ മറികടക്കുവാൻ സഹായിക്കുക
3. മലയാള ഭാ,യുടെ ശരിയായ ഉച്ചാരണവും സംസാരിക്കാനുള്ള കഴിവും കുട്ടികളിൽ വളർത്തുക.
4. ഇന്ത്യൻ ഭാഷകളിൽ പ്രധാനഭാഷ എന്ന നിലയിലുള്ള മലയാളത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്ന തരത്തിലുള്ള വായനയുടെ പരിപോഷണം ക്ലാസ്സ് റൂമിൽ നിന്ന് തുടങ്ങുക.
5. മലയാള ഭാഷവ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതി പരിശീലിപ്പിക്കാനുള്ള ശേഷി വികസിപ്പിക്കുക.
6. മലയാള പഠനത്തിന് ഐ. ടി സാധ്യത ഉപയോഗപ്പെടുത്തുക. അതിനുള്ള കഴിവ് കുട്ടികളിൽ വളർത്തുക.
7. മലയാള ഭാഷ പഠന ശേഷി വികസിപ്പിക്കുന്നതിലൂടെ കുട്ടികളിൽ വിശാല ചിന്താഗതി രൂപപ്പെടുത്തുക. മതേതര ചിന്താഗതിയും വിശ്വപൗരൻ എന്ന ബോധവും വളർത്തുക.
8. ഭാഷ പഠനം ഭിന്നശേഷിക്കാർക്കും പ്രയോജനപ്രദമായ രീതിയിൽ പരിഷ്കരിക്കുക
9. മലയാള ഭാഷ പഠനത്താൽ മറ്റുള്ളവർക്ക് സഹായകരമകാനും സ്വന്തം ജീവിതപുരോഗതിയുടെ പാത കത്തൊ നും സഹായുക്കുക.
10. കുട്ടികളുടെ മുല്യബോധവും പരിസഥിതി ബോധവും വളർത്തുന്ന വിധത്തിൽ മലയാള ഭാഷാ പഠനം പ്രയോജനപ്പെടുത്തുക.
11. കേരളീയ കലകളുടെ ആസ്വദനത്തിനും അവതാരണത്തിനും അവസരമൊരുക്കി നമ്മുടെ തനതായ സാംസ്ക്കാരിക പാരമ്പര്യത്തെ തിരിച്ചറിയാൻ പ്രാപ്തരാക്കുക. നാടോടി കലാകൾക്കും ഗോത്രകലകൾക്കും പ്രാധാന്യം നൽകുക.
12. മലയാളത്തിന്റെ മഹത്വം ലോക ഭാഷയുടെ തലത്തിലേക്ക് ഉയർത്തുന്ന ഫിലിം ക്ലബ്ബ് രൂപീകരികരണം – പ്രവർത്തനം

### ഉപലക്ഷ്യങ്ങൾ

1. എല്ലാവരെയും വായനയിലേക്കും എഴുത്തിലേക്കും നയിക്കുന്ന പാഠാസൂത്രണം അവസരമൊരുക്കൽ
2. വായനയ്ക്കുള്ള അവസരമൊരുക്കൽ
3. ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ
4. ചുമർ പത്രിക , കൈയെഴുത്ത് മാസിക എന്നിവയുടെ നിർമ്മാണം.

| ക്രമ നമ്പർ | പാഠ്യപദ്ധതി | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ് (2-6-18)<br>2. ചിഹ്നങ്ങൾ തിരിച്ചറിയൽ<br>3. വാക്കുകൾ നിർമ്മാണം, വാക്യ നിർമ്മാണം | 6 months | പുസ്തകം | BRC<br>DIET<br>ഗ്രന്ഥ ശാല<br>PTA |

| ക്രമ നമ്പർ | പാഠ്യപദ്ധതി | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | 4. കഥ പറച്ചിൽ<br>5. കവിത രചന<br>7. കഥാ രചന<br>8. പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സുകൾ | | | |
| 2 | വായന സംഘത്തെ രൂപീകരിച്ച വായന പ്രോത്സാഹിപ്പിക്കുക | 1. ക്ലാസ്സ് തലം– വായനാ സംഘം രൂപീകരണം<br>2. ക്ലാസ്സ് ലൈബ്രറി നിർമ്മാണം<br>3 സ്ക്കൂൾ ലൈബ്രറി നവീകരണം<br>4. എല്ലാ കുട്ടിക്കും ഒരു വായനാശാലയിൽ അംഗത്വം<br>5. വായനാചരണം<br>6. പത്രവായന<br>7. വായനാകുറിപ്പ് നിർമ്മാണം<br>8. പതിപ്പി നിർമ്മാണം<br>9. ദിനാചരണങ്ങൾ<br>10. വായനാ സാമഗ്രി വികസനം<br>11. കഥാസായാഹ്നങ്ങൾ<br>12. ലൈബ്രറി വൃത്തിയായും ശുചിത്വത്തോടെയും സംരക്ഷണം.<br>13. ഇ – വായന | 10 months | ക്ലാസ്സ് ലൈബ്രറി<br>സ്ക്കൂൾ ലൈബ്രറി<br>അനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി<br>ഇന്റർനെറ്റ് | BRC<br>DIET<br>ഗ്രന്ഥ ശാല<br>PTA<br>BRC<br>DIET<br>ഗ്രന്ഥ ശാല<br>PTA |
| 3 | എഴുത്ത് സംഘം | 1. എഴുത്ത് കൂട്ടായ്മ രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനാകുറിപ്പുകൾ എഴുതി സൂക്ഷിക്കുക<br>4. സാഹിത്യ വിഭാഗങ്ങൾ പരിചയപ്പെടുത്തുക<br>5. ചുമർ പത്രിക<br>6. ആസ്വാദനകുറിപ്പ് പുസ്തകങ്ങളുടെ പതിപ്പ് നിർമ്മാണം<br>7. ഭാഷാപ്രൊജക്റ്റുകൾ<br>8. സാഹിത്യ സംവാദം<br>9. എഴുത്തുകാരൻമാരെ പരിചയപ്പെടുക<br>10. സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി | 10 months | ലൈബ്രറി<br>പുസ്തകങ്ങൾ<br>ജീവചരിത്ര ഗ്രന്ഥങ്ങൾ<br>ഫോട്ടോകൾ പുസ്തകങ്ങൾ | BRC<br>DIET<br>ഗ്രന്ഥ ശാല<br>PTA<br>സാഹിത്യ അക്കാദമി<br>ജനപ്രതിനിധികൾ<br>Teachers |

| ക്രമ നമ്പർ | പാഠ്യപദ്ധതി | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 4 | ആസ്വാദകകൂട്ടായ്മ | ആസ്വാദകകൂട്ടായ്മ രൂപീകരണം 8,9,10 ക്ലാസ്സുകളിൽ നിന്ന്<br>1. ഫിലിം ക്ലബ്ബ് രൂപീകരണം.<br>2. നല്ല ലോക ക്ലാസ്സിക് സിനിമകളുടെ പ്രദർശനം<br>3. സിനിമാ ചർച്ച<br>4. ആസ്വാദനകുറിപ്പുകൾ നിർമ്മിക്കുക, പതിപ്പായി തയ്യാറാക്കുക<br>5. നാടക സംഘ രൂപീകരണം | 5 months | പ്രൊജക്ടർ<br>സിനിമകളുടെ ഡി വി ഡി<br>നാടകങ്ങൾ, രംഗ വേദി | ചലച്ചിത്ര അക്കാദമി<br>സംഗീത നാടക അക്കാദമി<br>BRC |
| 5 | | 8,9,10 ക്ലാസ്സുകൾക്ക്<br>1. വായനാ മത്സരം<br>2. കവിതാ രചനാ മത്സരം<br>3. പദ്യപാരായനം.<br>4. തിരക്കഥ രചന മത്സരങ്ങൾ<br>5. നാടകക്കളരി, നാടക മത്സരം | 5 months | പുസ്തകങ്ങൾ മാത്രം സമ്മാനമായി നൽകുക | PTA<br>Teachers<br>BRC |
| 6 | | 10 ദിനങ്ങൾ<br>1. പേസ്റ്റർ നിർമ്മാണം<br>2. പ്രദേശത്തെ സാഹിത്യകാരൻമാരെയും ചലചിത്ര നാടക പ്രതിഭകളെയും ആദരിക്കൽ<br>കർഷകരെ ആദരിക്കൽ<br>നാടൻ കലാകാരൻരാമെ ആദരിക്കൽ | 5 months | Auditorium | PTA |
| 7 | | 1. കുട്ടികൾക്കു മത്സരം<br>2. അദ്ധ്യാപകർക്ക്<br>3. രക്ഷിതാകൾക്ക്<br>4. മലയാളത്തിന്റെ പൈതൃക കലയുടെ അവതരണം | | | PTA<br>BRC |
| 8 | | 1. മലയാളം ടൈപ്പിങ്ങ് 8,9,10 ക്ലാസ്സുകൽക്ക് മത്സരം<br>2. ഡിജിറ്റൽ ബാനർ തയ്യാറാക്കൽ | 5 months | IT Lab<br>Computer | |

## മേഖല: ഭാഷ

### ഉപമേഖല - സംസ്കൃതം/ അറബി - യു. പി, എച്ച്. എസ് - വിഭാഗം

### മുഖ്യ ലക്ഷ്യങ്ങൾ

1. ശ്രവണം, ഭാഷണം, പഠനം, ലേഖനം എന്നീ നാലു തലങ്ങളിൽ ഭാഷാനൈപുണ്യം ആർജിക്കുവാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളുടെ സംയോജനം
2. മനുഷ്യ ജീവിതത്തിൽ ആവശ്യം ആർജിക്കേ സദാചാരങ്ങൾ, ജീവിത ശൈലികൾ, മഹാൻമാരുടെ ഉയർന്ന ചിന്തകൾ, ലക്ഷ്യബോധം, ജീവിത നേട്ടങ്ങൾ, സഹജീവി സ്നേഹം, പ്രകതി സ്നേഹം രാഷ്ട്രബോധം, എന്നിവ ഉൾക്കൊള്ളുന്നവയായിരിക്കണം.
3. സംസ്കൃത ഭാഷയുടെ പൗരാണികതയും, ആധുനിക പ്രാധാന്യവും വൈവിധ്യമാർന്ന അറിവുകളും ഗവേഷണ സാധ്യതകളും ഉൾക്കൊള്ളുന്നവയായിരിക്കണം.
4. ശുദ്ധമായ ഭാഷ പ്രയോഗിക്കുവാൻ സാധ്യമാകുന്ന അവസരങ്ങൾ നൽകണം.
5. സംസ്കൃതത്തെ ഒരു സംഭാഷണ ഭാഷയായി തീർക്കണം.
6. ഓരോ കുട്ടിയും അവരവരുടെ ആശയങ്ങൾ സംസ്കൃതത്തിൽ പ്രകടിപ്പിക്കാൻ കഴിവുള്ളവരാകണം
7. ആർജ്ജിച്ച വിജ്ഞാനത്തിന്റെ അടിസഥാനത്തിൽ തങ്ങളുടെ സർഗവാസനകൾ നൈസർഗീകമായി ഈ ഭാഷകളിൽ പ്രകടിപ്പിക്കാൻ ശേഷി നേടണം.
8. മഹിതമായ നമ്മുടെ പൈതൃകത്തിലെ നന്മകൾ പാരമ്പര്യമായി ഉൾക്കൊള്ളുകയും അതിന്റെ അടിസ്ഥാനത്തിൽ ജീവിത ലക്ഷ്യത്തെ കരുപ്പിടിപ്പിക്കുന്നതുമാകണം.

### ഉപലക്ഷ്യങ്ങൾ

1. സംഭാഷണം, അഭിനയം, കഥ, സംഭാഷണ കളി എന്നിവയിലൂടെ കുട്ടികൾ ഭാഷ പ്രകടിപ്പിക്കുന്ന നിലയിലേക്ക് വരുത്തി അവരുടെ വൈകാരിക പങ്കാളിത്തം ഉറപ്പാക്കണം.
2. നിത്യ ജീവിതത്തിൽ പാലിക്കേ മൂല്യങ്ങൾ പകർന്ന് നൽകി അവ വിദ്യാലയത്തിലും വീടുകളിലും പൊതു ഇടങ്ങളിലും പാലിക്കുന്നുവെന്ന് സഹപാഠികളിൽ നിന്നുംരക്ഷിതാകളിൽ നിന്നും ഉറപ്പാക്കുക.
3. പ്രദർശനം, സെമിനാർ, പ്രസ്നോത്തരി, പഠനയാത്ര, ഗ്രഹപാഠം, എന്നിവയിലൂടെ വിശിഷ്ട വ്യക്തികളുടെ ക്ലാസ്സുകളിലൂടേയും മൂല്യങ്ങൾ പകർന്നു നൽകുക.
4. സൃഷ്ടികൾ വിദ്യാലയത്തിലെ പ്രധാന പരിപാടികളിലും അസംബ്ലി, ഛാത്രസഭകരളിലും പങ്കുവെക്കൽ അവസരം ഒരുക്കുന്നു ശിൽപശാല, സംഭാഷണ ക്ലാസ്സ്, ക്രാഡോത്സവം, കലാസ്പർദ്ധ ഭാഷാലാബ് എന്നിവയും ഇതിനായി ഉപയോഗിക്കുന്നതാണ്.
5. പ്രൊജക്ട്, കലാപ്രകടനം, കൈയെഴുത്ത് മാസിക, മാഗസിൻ, ഡിക്ഷനരി നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൽ ഇതിനായി സംഭടിപ്പിക്കുന്നതാണ്. കുട്ടിയുടെ കലാപരമായ കഴിവുകൾ കത്തെി പ്രത്യേക പരിശീലന പദ്ധതി ഇതിനായി ഒരുക്കും- ഈ രംഗത്തെ വിദഗ്ദ്ധരുടെ സേവനം ഇതിനായി ഉറപ്പാക്കും
6. ബോധവൽകരണ ക്ലാസ്സുകൽ, ചർച്ച, പഠനയാത്ര എന്നിവ സംഘടിപ്പിച്ച് ഇന്നത്തെ കാലത്ത് അനിവാര്യമായ പ്രകൃതി സംരരക്ഷണോപായങ്ങൾ ബോധ്യപ്പെടുത്തുന്നതാണ്. സഹജീവി സ്നേഹം, മാതൃപിതൃ ഗുരു സ്നേഹത്തിന്റെ പ്രാധാന്യം പകർന്ന് നൽകാനായി ചരിത്രത്തിലെ മഹാപുരുഷൻമാരുടെ ജീവിത കഥ അവതരിപ്പിക്കും. വിവിധ കലാപരിപാടികൾ ഇക്കാര്യത്തിനായി ആശ്രയിക്കുന്നതാണ്.

| ക്രമ നമ്പർ | പാഠ്യപദ്ധതി | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷയുടെ നാലു തലങ്ങൾ ശ്രവണം, ഭാഷണം, പഠനം, ലേഖനം, എന്നീ മേഖലകളെ ഉറപ്പിക്കുന്നു. | 1. സംസ്കൃത പദങ്ങൾ വാക്യങ്ങൾ എന്നിവ ഐ. സി. ടി സഹായത്തോടെ ധാരാളം കേൾപ്പിക്കുന്നു. സംസ്കൃതത്തിലൂടെ ഉത്തരങ്ങൾ പറയിപ്പിക്കുന്നു. നിർദ്ദേശങ്ങൾ അനുസരിച്ച് വായിപ്പിക്കുന്നു. ലഘു വാക്യങ്ങൾ എഴുതുവാൻ അവസരങ്ങൾ നൽകുന്നു. കഥാകഥനം, പ്രഭാഷണം, സംഭാഷണം പരിചയപ്പെടുത്തൽ, ദിനചര്യങ്ങൾ തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. | 6 മാസം | സിഡി, ചിത്രങ്ങൾ, പുസ്തകങ്ങൾ, പത്രങ്ങൾ, കമ്പ്യൂട്ടർ ലാബ്, ഭാഷാ ലാബ് | പി. ടി. എ |
| 2 | സദാചാര പരിശീലനം, ജീവിത ശൈലികൾ, മഹത് വചനങ്ങൾ, ലക്ഷ്യ ബോധം ജീവിത നേട്ടങ്ങൾ, സഹജീവി സ്നേഹം, പ്രകൃതി സ്നേഹം, രാഷ്ട്രാവബോധം | സദാചാരങ്ങൾ ആചരിച്ചു കാണിക്കുന്നു. ജീവിത ശൈലികളെ പരിചയപ്പെടുത്തുന്നതിനായി ദൃശ്യാവിഷ്കരണങ്ങൾ നൽകുന്നു. ഛത്രസഭകളിൽ മഹദ്വചനങ്ങൾ എഴുതി പ്രദർശിപ്പിക്കുന്നു. മഹാൻമാരുടെ ചിത്രസഹിതം ഉക്തികൾ ആലേഖനം ചെയ്യുന്ന. സുഭാഷിതങ്ങൾ പഠിപ്പിക്കുന്നു. അന്വയം, ആശയം എന്നിവ എഴുതിക്കുന്നു. രാഷ്ട്രസംരക്ഷണത്തിനുതുകുന്ന അവസരങ്ങൾ സൃഷ്ടിക്കുന്നു. ദേശീയ ഉത്സവങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നു. പ്രകൃതിയുമായി കൂടുതൽ ഇണങ്ങു വാൻ അവസരം നൽകുന്നു. | 6 മാസം | സ്വാതന്ത്ര്യസമര സേനാനികൾ, പുരസ്കാര ജേതാകൾ, എഴുത്തുക്കാർ, കൃഷി ഓഫീസർ, എന്നിവരുടെ സാന്നിദ്ധ്യം | പി. ടി. എ<br>എച്ച് . എം |

| ക്രമ നമ്പർ | പാഠ്യപദ്ധതി | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3 | സംസ്കൃതത്തിന്റെ ശാസ്ത്ര പരമ്പര്യം, സംസ്കൃത ഭാഷയുടെ പൗരാണികത, ഭാഷയുടെ ആധുനികത്വം – ശാസ്ത്ര സാങ്കേതിക വിദ്യകളിൽ സംസാകൃതത്തിന്റെ സംഭാവന എന്നിവയിൽ നല്ല അവബോധമുാകുക. | ഹൈസ്ക്കൂൾ തലത്തിൽ വിദ്യാർത്ഥികളെ ശാസ്ത്രപാരമ്പര്യത്തെ കുറിച്ചുള്ള പാഠഭാഗങ്ങൾ പരിചയപ്പെടുത്തുന്നു. പൗരാണികതയെ കുറിച്ചുള്ള ഐ. സി. ടി ദൃശ്യങ്ങൾ, പുസതക പരിചരണം, എന്നിവ നടത്തുന്നു. പൗരാണിക ശാസ്ത്രങ്ങളും, ആധുനികസംബന്ധവും വ്യക്തമാക്കുന്നു. സെമിനാറുകൾ, പ്രദർശിനി എന്നിവ സംഘടിപ്പിക്കുന്നു. | 1 വർഷം | സിഡി, പുസ്തകങ്ങൾ, ചരിത്രകാരൻമാർ, മാഗസിൻ, ആനുകാലീക പ്രസിദ്ധീകരണങ്ങൾ, ലൈബ്രറി, ഭാഷാലാബ് | പി ടി എ, പൂർവ്വ വിദ്യാർത്ഥികൾ ശാസ്ത്രക്ഞൻമാർ |
| 4 | ഭാഷാ പ്ര.യോഗം | സെമിനാറുകൾ, ചോദ്യോത്തരവേളകൾ സംഭാഷണങ്ങൾ അഭിമുഖങ്ങൾ എന്നിവ മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിക്കുന്നു. പ്രൊജക്ട് തയ്യാറാക്കുന്നു. | 1 വർഷം | ഐ. സി. ടി ഭാഷാലാബുകൾ, പ്രദർശിനി | പി ടി എ, പൂർവ്വ വിദ്യാർത്ഥികൾ |
| 5 | സംഭാഷണ ശിബിരങ്ങൾ വിദ്യാർത്ഥികളെകൊ് സംഘടിപ്പിക്കുന്നു. | പല സംഭാഷണ ശിബിരങ്ങൾ വിദ്യാർത്ഥികൾ സംഘടിപ്പിക്കുന്നു. ആത്മവിശ്വാസവും ഭാഷയും വർദ്ധിപ്പിക്കുന്നു. | 3 മാസം | ചിത്രങ്ങൾ, ഭാഷാ ലാബുകൾ | പി ടി എ, പൂർവ്വ വിദ്യാർത്ഥികൾ |
| 6 | ആശയ പ്രകടനം സർഗവാസനകളെ നൈസർഗികമായ പ്രകടിപ്പിക്കുക, പൈതൃക സംരക്ഷണം | പ്രഭാഷണങ്ങൾ, നിമിഷ പ്രസംഗങ്ങൾ, ലേഖന സൃഷ്ടികൾ, മാഗസിൻ, തയ്യാറാക്കൽ, സമ്മാന വിതരണം, പ്രസിദ്ധീകരണങ്ങൾ എന്നിവ നടപ്പിലാക്കുന്നു. | 1 വർഷം | സാഹിത്യസദസ്സുകൾ, ലേഖന സ്പർധകൾ<br><br>എക്സിബിഷൻ | പി ടി എ, പൂർവ്വ വിദ്യാർത്ഥികൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല ഹൈസ്കൂൾ സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനം ഉറപ്പിക്കുക | 1. സംസ്കൃതപദങ്ങൾ വാക്യങ്ങൾ എന്നിവ ഐ.സി.ടി സഹായത്തോടെ ധാരാളം കേൾപ്പിക്കുന്നു. സംസ്കൃതത്തിലൂടെ ഉത്തരങ്ങൾ പറയിപ്പിക്കുന്നു. ലക്ഷുവാക്യങ്ങൾ എഴുതാൻ അവസരങ്ങൾ നൽകുന്നു. കഥാകഥനം, പ്രഭാഷണം, സംഭാഷണം പരിചയപ്പെടുത്തൽ, ദിനചര്യങ്ങൾ തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. | 6 മാസം | | |
| 2. പ്രകൃതി സ്നേഹം, ജീവിത ശൈലികൾ, വന സംരക്ഷണം, ഔഷധ സസ്യങ്ങളെ കുറിച്ചുള്ള അറിവ് | സുഭാഷിതങ്ങൾ പഠിക്കുന്നു. അന്യായം,ആശയം എന്നിവ എഴുതിക്കുന്നു. ജീവിതശൈലികളെ പരിചയപ്പെടുത്തുന്നതിനായി ദൃശ്യാവിഷ്കരണങ്ങൾ നൽകുന്നു. പ്രകൃതിയുമായി കൂടുതൽ ഇണങ്ങുവാൻ അവസരം നൽകുന്നു. | 6 മാസം | | |
| 3. ശാസ്ത്രസാങ്കേതിക വിദ്യകളിൽ സംസ്കൃതത്തിന്റെ സംഭാവന എന്നിവയിൽ നല്ല അവബോധമുണ്ടാക്കുക. സംസ്കൃതത്തിന്റെ ശാസ്ത്ര പാരമ്പര്യം | ഹൈസ്കൂൾ തലത്തിൽ വിദ്യാർത്ഥികളെ ശാസ്ത്രപാരമ്പര്യത്തെകുറിച്ചുള്ള പാഠഭാഗങ്ങൾ പരിചയപ്പെടുത്തുന്നു.<br>ഐ.സി.ടി ദൃശ്യങ്ങൾ പുസ്തകപരിചയണം, എന്നിവ നടത്തുന്നു. സെമിനാറുകൾ, പ്രദർശിനി എന്നിവ സംഘടിപ്പിക്കുന്നു. | 1 വർഷം | | |
| 4. ഭാഷാപ്രയോഗം | സെമിനാറുകൾ, ചോദ്യോത്തരവേളകൾ, സംഭാഷണങ്ങൾ, അഭിമുഖങ്ങൾ എന്നിവ മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിക്കുന്നു. പ്രൊജക്ട് തയ്യാറാക്കുന്നു. | 1 വർഷം | | |

## മേഖല: ഭാഷ

### ഉപമേഖല - ഇംഗ്ലീഷ് - യു. പി, എച്ച്. എസ് - വിഭാഗം

### മുഖ്യ ലക്ഷ്യങ്ങൾ

1. എല്ലാകുട്ടികളും അവർ പഠിക്കുന്ന ക്ലാസ്സനുസരിച്ചും നിലവാരമനുസരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പ് വരുത്തും.
2. 5 വർഷത്തിനുള്ളിൽ സ്ക്കൂൾ വിട്ട് പുറത്തു വരുന്ന മുഴുവൻ കുട്ടികളും ഭാഷ അനായാസം ആശയവിനിമയം നടത്തുന്നതിന് പ്രാപ്തമാകും.
3. സ്ക്കൂൾ പഠനം പൂർത്തിയാക്കുമ്പോഴേക്കും മുഴുവൻ കുട്ടികളും ഫലപ്രദമായ ആശയവിനിമയത്തിനുതുകുന്നവിധം വിവിധ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിന് പ്രാപ്ദരാകും.
4. 5 വർഷത്തിനുള്ളിൽ ഓരോ കുട്ടിയും തന്റെ ആവശ്യങ്ങൾ, താൽപര്യങ്ങൾ, അഭിലാഷങ്ങൾ എന്നിവ പറഞ്ഞും എഴുതുയും പ്രകടിപ്പിക്കുന്നതിന് പ്രാപ്തരാകും.

### ആദ്യത്തെ മുഖ്യലക്ഷ്യത്തിന്റെ ഉപലക്ഷ്യങ്ങൾ

| ക്രമ നമ്പർ | പാഠ്യപദ്ധതി | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ – ടെസ്റ്റ്<br>2. അക്ഷര ഉറപ്പിക്കൽ<br>3. അക്ഷരകാർഡ് നൽകൽ<br>4. വാക്കുകൾ നിർമ്മിക്കൽ<br>5. ചിത്രം– അടികുറിപ്പ്<br>6. ചിത്രം– കഥ പറയൽ<br>7. കഥാപുസ്തകം നൽകൽ<br>8. സി.ഡിയിൽ ചിത്രങ്ങൾ നൽകി വാക്യങ്ങൾ എഴുതൽ | 2 മാസം<br>ജൂൺ | പുസ്തകങ്ങൾ<br>സി ഡി | School Devept committee |
| 2 | കുട്ടികളെ വായിക്കുവാനും എഴുതുവാനും പ്രാപ്തരാക്കുക | ഡയറി എഴുതൽ<br>സെമിനാറുകൾ നടത്തുക | എല്ലാ ആഴ്ചകളിലും ബുധനാഴ്ചകളിൽ<br>10 മാസം | ക്ലാസ്സ് ലൈബ്രറി<br>സി ഡി | Corner PTA<br>ക്ലാസ്സ് ടീച്ചർ |
| 3 | കുട്ടികളുടെ ആശയ വിനിമയം സുഗമമാക്കുന്നതിന് | | 2 മാസം | ലൈബ്രറി പുസ്തകങ്ങൾ | ക്ലാസ്സ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ |

| ക്രമ നമ്പർ | പാഠ്യപദ്ധതി | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | ഇംഗ്ലീഷ് റേഡിയോ പരിപാടികൾ, ഇംഗ്ലീഷ് ക്ലബ്ബ് | എല്ലാ വെള്ളിയാഴ്ചകളിലും | ക്ലാസ്സ് ലൈബ്രറി | പിടിഎ |
| | | വായനാ മൽസരങ്ങൾ | 2 മാസം | ലൈബ്രറി പുസ്തകങ്ങൾ | ക്ലാസ്സ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ |
| | | ഉൽസവ ആഘോഷങ്ങൾ (ഓണം, ക്രിസ്തുമസ്) | ഡിസംബർ | ഇംഗ്ലീഷ് ബ്ലോഗ് | ഇംഗ്ലീഷ് ടീച്ചർ |
| | | സ്റ്റഡീടൂർ | ജനുവരി | ടൂർ സ്ഥലങ്ങൾ സിഡി എസ് | എച്ച് എം ക്ലാസ്സ് ടീച്ചർ |
| 4 | പൊതു വേദിയിലെ പ്രകടനങ്ങൾ | ഇംഗ്ലീഷ് തിയ്യറ്റർ ലാഗേഡ് ലാബ്<br>സ്മാർട്ട് ക്ലാസ്സ് റൂം ഫോർ ഇംഗ്ലീഷ് Rhymes stories | 2 മാസം<br>ആഴ്ചയിൽ ഒരു ദിവസം | കോസ്റ്റ്യൂമ്സ്, നാടക ബുക്കുകൾ, സിഡിഎസ്, മൈക്ക് കർട്ടൻ, ഹെഡ് ഫോൺ ഫൊണറ്റിക് ലാബ് | ക്ലാസ്സ് ടീച്ചർ, ഇംഗ്ലീഷ്ടീച്ചർ<br>ടീച്ചർ ക്ലാസ്സ് ടീച്ചർ |
| 5 | പ്രമുഖ എഴുത്തുകാർ അവരുടെ അനുഭവങ്ങൾ പങ്കുവെക്കൽ | സാഹിത്യകാരൻമാരുമായുള്ള സംവാദം, അഭിമുഖം | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് റൂം | എച്ച് എം ക്ലാസ്സ് ടീച്ചർ |
| 6 | ഇംഗ്ലീഷ് മാഗസിനുകളുടെ പ്രകാശനം, ചുമർ മാസികകളുടെ പ്രവാശനം | വിവിധ മൽസരങ്ങൾ സംഘടിപ്പിക്കുന്നു. (ഉദാ: കഥ എഴുതൽ, കവിത, ഉപന്യാസം, ചിത്രരചന) | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് റൂം | ഇംഗ്ലീഷ് ടീച്ചർ |
| 7 | ഭാഷാ പ്രൊജക്ടുകൾ | ഭാഷയുടെ വിവിധ പ്രൊജക്ടുകൾ ചെയ്യുന്നു (പാഠപുസ്തകവുമായി ബന്ധപ്പെട്ട്) | 6 മാസം | ജീവചരിത്ര പുസതകങ്ങൾ, ഗ്രന്ഥശാല ഫോട്ടോകൾ | പിടിഎ ടീച്ചേഴ്സ് |
| 8 | പുസ്തക ചർച്ച | പാഠഭാഗവുമായി ബന്ധപ്പെട്ട് വയനക്ക് നൽകിയ പുസതകങ്ങൾ പരിചയപ്പെടുത്തൽ, കഥാപാത്രനിരൂപണം, സ്വാധീനം,ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരണം | മാസത്തിൽ 1 ദിവസം | ഗ്രന്ഥശാല | ടീച്ചേഴ്സ് |
| 9 | വായനാസാമഗ്രികൾ വികസിപ്പിക്കൽ | യു. പി കുട്ടികൽക്കുള്ള വായനാസാമഗ്രികൾ ശേഖരിക്കൽ, എല്ലാവരടേയും പങ്കാളിത്തത്തോടെ രചനാശിൽപശാല സംഘടിപ്പിക്കൽ | മാസത്തിൽ 1 ദിവസം | പിടി എ ഗ്രന്ഥശാല | ടീച്ചേഴ്സ് |

| ക്രമ നമ്പർ | പാഠ്യപദ്ധതി | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 10 | ഇ– വായനാസാധ്യത കണ്ടെത്തൽ | വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരശേഖരണം, ബ്ലോഗോ രൂപീകരണം, ഇ പേപ്പറുകൾ പരിചയപ്പെടുത്തൽ, കൃതികൾ, കവിത വീഡിയോ കാണൽ | ആഴ്ചയിൽ ഒരു ദിവസം | കമ്പ്യൂട്ടർ ലാബ് | എച്ച് എം ഇംഗ്ലീഷ് ടീച്ചർ |
| 11 | ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനങ്ങൾ | ഐ. ഇ. ഡി അധ്യാപകരുടെ സാഹയത്തോടെ ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനം, ആസുത്രണം, നടപ്പിലാക്കൽ, പ്രഗൽഭരുടെ സേവനം | മാസത്തിൽ 1 ദിവസം | സ്മാർട്ട് റൂം ക്ലാസ്സ് റിസോഴ്സ് റൂം | പി ടി എ ക്ലാസ്സ്റൂം ഇംഗ്ലീഷ് ടീച്ചർ |
| 12 | സാഹിത്യ സാംസ്കാരിക ചിത്രഗാലറി | ആർട്ട് ഗാലറികൾ സന്ദശിക്കൽ, സാഹിത്യകാരൻമാരുടെ ചിത്രങ്ങൾ, പുസ്തകങ്ങൾ, ജീവചരിത്ര കുറിപ്പുകൾ, കവിതകൾ പ്രദർശനം | മാസത്തിൽ 1 ദിവസം | ലൈബ്രറി | പി ടി എ എച്ച് എം ക്ലാസ്സ്റൂം ഇംഗ്ലീഷ് ടീച്ചർ |

# മേഖല: ഭാഷ
## ഉപമേഖല - ഹിന്ദി- യു. പി  വിഭാഗം
## മുഖ്യ ലക്ഷ്യങ്ങൾ

എല്ലാകുട്ടികൾക്കും ഹിന്ദി ഭാഷ അനായാസമായി എഴുതുവാനും വായിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക

ഹിന്ദിഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക

പഠനനേട്ടങ്ങൾ ഓരോകുട്ടിയും നേടി എന്ന് ഉറപ്പ് വരുത്തുക

ഭാഷാപഠനവും ദേശ സ്നേഹവും വളർത്തിയെടുക്കുക

1. ഹഫ്തെ കാശബ്ദ് (ആഴ്ചയിലെ വാക്ക്) – ഓരോ ആഴ്ചയിലും ഓരോ കുട്ടികളെ പരിചയപ്പെടുത്തുന്നു.

2. ഹിന്ദി അസംബ്ലി (ആഴ്ചയിൽ ഒരിക്കൽ) – ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുന്നതിനും, ഭാഷാശേഷിവികസനത്തി നും

3. ഹിന്ദി ലൈബ്രറി പ്രവർത്തനം – വായന സാമഗ്രികൾ ശേഖരിക്കുക, വായനശേഷി വികസനം(ഹിന്ദി അദ്ധ്യാപകർ, പിടിഎ, നാട്ടുക്കാർ എന്നിവരുടെ സംഭാവനകൾ സ്വീകരിക്കാം)

4. ഹിന്ദി ഡിജിറ്റൽ ലൈബ്രറി – വായന സാമഗ്രികളുടെ ഡിജിറ്റൽ വായന, പിടിഎഫ് ചിത്രങ്ങൾ – ഇ – വായന

5. ഹിന്ദി ക്ലബ് പ്രവർത്തനം – ക്ലബ് പ്രവർത്തനങ്ങൾ വിഷയാവതരണം പ്രസംഗ ശൈലി , കവിതാലാപനം, കഥ പറയാനുള്ള ശേഷി നേടൽ

6. ഐ. സി. ടി ഉപയോഗം – പാഠഭാഗങ്ങൾ ഐ സി ടി സഹയാത്തോടെ സാധ്യമാക്കുന്നു

7. ഹിന്ദി പ്രദർശന ബോർഡ് – ഓരോ ക്ലാസ്സിലും പ്രവർത്തനങ്ങളുമായി ബന്ധപ്പട്ട ബോർഡ് സ്ഥാപിക്കും

8. ദിനാചരണങ്ങൾ (ഹിന്ദിയിൽ) – ഹിന്ദി ക്ലബിന്റെ നേതൃത്വത്തിൽ ഡിവിഷനുകളെ ബന്ധിപ്പിച്ചുകൊ് ക്ലബ് കാര്യക്ഷമമായി സംഘടിപ്പിക്കുക

9. ഹിന്ദി പത്രം – ലഭിക്കാൻ സാധ്യതയുള്ള പത്രങ്ങൾ ക്ലാസ്സിൽ വായിക്കാൻ അവസരം കൊടുക്കുക (ഇൻർനെറ്റ് ഉപയോഗിക്കാം)

| | | |
|---|---|---|
| 10 | ഹിന്ദി ശേഖരണ പുസ്തകം | – പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ എഴുതിയും കട്ടിഗസിലുടേയും തയ്യാറാക്കുക |
| 11. | ഹിന്ദി പ്രശ്നോത്തരി | – ആഴ്ചയിൽ ഓരോ ദിവസം പാഠഭാഗത്തെയും അതുമായി ബന്ധപ്പെട്ട കാര്യത്തെയും ഉൾപ്പെടുത്തി പ്രശ്നോത്തരി സംഘടിപ്പിക്കുക |
| 12. | ഹിന്ദി നോട്ടു പുസ്തകം | – ഓരോ കുട്ടിയുടേയും നോട്ടു പുസതകം, സമഗ്രവും ആകർഷകവും ആയിരിക്കാൻ അധ്യാപകരോടൊപ്പം രക്ഷകർത്താക്കളുടേയും സഹകരണം |
| 13. | ഹിന്ദി ബാലസഭ | – മാസത്തിലെ ഒരു സർഗ്ഗമേള ഹിന്ദിയിലാക്കി മാറ്റാൻ ശ്രദ്ധിക്കുക |
| 14. | ഹിന്ദി ഡയറി | – ആഴ്ചയിൽ ഒരു ഡയറി വീതം (ആ ആഴ്ചയിലെ വിശേഷപ്പെട്ട കാര്യങ്ങൾ ഉൾപ്പെടുത്തി ഡയറി എഴുതുവാൻ ശ്രദ്ധിക്കുക) |
| 15. | ഹിന്ദി സംസാരിക്കുവാനുള്ള പരിശീലനം | – ഹിന്ദി സംസാരിക്കുവാനുള്ള പരിശീലനം ക്ലാസ്സിൽ നിന്നു തന്നെ കുട്ടിക്ക് നൽകുക |
| 16. | ഹിന്ദി കോറിയോഗ്രാഫ് | – പാഠ്യപ്രവർത്തനം കുട്ടികളെ ഗ്രൂപ്പാക്കി തിരിച്ച് കോറിയോഗ്രാഫി നടത്തി അവതരിപ്പിച്ചാ ൽ അത് മറക്കാതെ മനസ്സിൽ നിൽക്കും |
| 17. | വർക്ക് ഷീറ്റ് നിർമ്മാണം | – ഓരോ പ്രവർത്തനങ്ങളുടേയും 3,4 വർക്ക് ഷീറ്റുകൽ ലളിതമായി തയ്യാറാക്കി കുട്ടികളിൽ എത്തിക്കുക |
| 18. | കൈയ്യെഴുത്ത് മാസിക | – സർഗ്ഗവാസനയുള്ളവരെ കൂടുതൽ ഉൾപ്പെടുത്തി പാഠ്യവിഷയബന്ധിതമായി പ്രവർത്തനങ്ങളുടെ മാസിക നിർമ്മാണം |

# HS മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>3. വാക്കുകൾ നിർമ്മിക്കുക<br>4. വാക്യങ്ങൾ നിർമ്മിക്കുക | രണ്ട് മാസം<br>ജൂലൈ<br>ആഗസ്റ്റ് | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | അധ്യാപകർ | |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | 5.<br>1. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>2. സമീപഗ്രന്ഥ ശാലയിൽ അംഗത്വം<br>3. പത്രവായന<br>4. പുസ്തക ചർച്ച<br>5. വായനാനുഭവം<br>6. വായനകുറിപ്പ്<br>7. വിദ്യാരംഗം | 6 മാസം<br><br>6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ<br>ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലികങ്ങൾ<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ<br>ഗ്രാമീണ വായനശാല | പി ടി എ<br>അധ്യാപകർ | |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | കലാസാഹിത്യവേദി പ്രവർത്തനം<br>8. ദിനാചരണം<br>9. അഭിമുഖം<br>10.ഇ. വായന<br>പുസ്തക ചർച്ച<br>വായനകുറിപ്പ്<br>പതിപ്പ്<br>ചുവർപത്രിക<br>സാഹിത്യസാംസ്കാരിക ചിത്രഗാലറി | | ലൈബ്രറി<br>പുസ്തകങ്ങൾ<br>ഫോട്ടോകൾ | പി ടി എ<br>അധ്യാപകർ | |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ കേൾപ്പിക്കുക<br>4. പ്രസംഗം അവതരിപ്പിക്കാനുള്ള വേദികൾ സജ്ജമാക്കുക | 6 മാസം<br>(ജൂലൈ-ഡിസംബർ) | ഓഡിയോ<br>വിഡിയോ | ട്രയിനർ<br>അധ്യാപകർ | |
| 5. പുഷ്പ-ഫല സസ്യ പ്രദർശനം-നാട്ടുപൂക്കൽ | 1. നാട്ടുപൂക്കൾ<br>2. ദശപുഷ്പം ശേഖരിക്കുക<br>3. ചാർട്ടുകൾ | ചിങ്ങം 1 | പുസ്തകങ്ങൾ<br>ഓഡിയോ | വിദ്യാർത്ഥി<br>അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 6. കവിതയരങ്ങ് | മാതൃഭാഷ പ്രമേയ മായിവരുന്ന കവിത കൾ ശേഖരിച്ച് അവ തരിപ്പിക്കുക. കവിത ശിൽപശാല | 1 മാസം | പുസ്തകങ്ങൾ ഓഡിയോ | അധ്യാപകർ അതിഥി | |
| 7. ഡിജിറ്റൽ ജീവ ചരിത്രകുറിപ്പ് ഡിജിറ്റൽ മാധ്യമ ത്തിൽ പ്രസിദ്ധീക രിക്കൽ | 1. അഭിമുഖം<br>2. ജീവിത രേഖ<br>3. ഫോട്ടോ | 3 | കലപ്രവർത്തകർ ഫോട്ടോ പുസ്തകങ്ങൾ | പി ടി എ അധ്യാപകർ | |
| 8. ക്ലാസ്സിക് കല കൾ പരിചയപ്പെ ടുക | 1. കലാമണ്ഡലം സന്ദർശനം<br>2. സെമിനാർ<br>3. സെമിനാർ റിപ്പോർട്ട് | 2 | യാത്രാസൗകര്യം | പി ടി എ അധ്യാപകർ | പി ടി എ |
| 9. മാറുന്ന ഭക്ഷണ ശീലം. ജീവിത ശൈലിരോഗ ങ്ങൾ | 1. സെമിനാർ<br>2. ആരോഗ്യപ്ര വർത്തകരുടെ ക്ലാസ്<br>3. ചിത്രപ്രദർശനം/ വിഡിയോ/സ്ലൈഡ് | 1 | പുസ്തകങ്ങൾ മാധ്യമങ്ങൾ | അധ്യാപകർ അതിഥി | |
| 10. ട്രാവൽ ലോഗ്, റീൽസ് നിർമ്മാണ പരിശീലനം | യാത്രാവിവരണ ങ്ങൾ<br>വീഡിയോ | 3 | യാത്രവിവരണ ങ്ങൾ വീഡിയോ/ ഓഡിയോ | അധ്യാപകർ അതിഥി | പി ടി എ |
| 11. തിരകഥാ രചന പരിശീലനം ഹ്രസ്വ ചിത്ര നിർമ്മാണം | തിരക്കഥ<br>**synopis**<br>**poster**<br>**notice** തയ്യാറാ ക്കൽ | 3 | സിനിമ പ്രവർത്ത കർ അഭിമുഖം വീഡിയോ/ ഓഡിയോ തിരകഥ പുസ്തക ങ്ങൾ | അധ്യാപകർ അതിഥി | പി ടി എ |

## മേഖല അക്കാദമികം ഹിന്ദി

### പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൽക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുന്നു.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മറ്റാനുള്ള പ്രവർത്തനങ്ങൾ ആയുത്രണം ചെയ്യുക
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൽക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുന്നു.
- ✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിയപ്പെടുത്തുന്നു. | ഹ്രസ്വ<br>ജൂൺ–ജൂലൈ |
| ആഴ്ചയുടെ പേരുകൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനനതിയയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ |
| ഹിന്ദി അനായാസം എവുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br><br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ<br>ജനുവരി |

**ഒമ്പതാംതരം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വ<br>ജൂൺ-<br>ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേയണം എന്നിവ കമ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചന ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യകാലം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദന കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകി കൊമ്ട് ആസ്വാദനകുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>നവംബർ<br>ഡിസംബർ |

**പത്താംതരം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വ<br>ജൂൺ-<br>ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യകാലം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ<br>ഡിസംബർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല ഹൈസ്കൂൾ സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനം ഉറപ്പിക്കുക | 1. സംസ്കൃതപദങ്ങൾ വാക്യങ്ങൾ എന്നിവ ഐ.സി.ടി സഹായത്തോടെ ധാരാളം കേൾപ്പിക്കുന്നു. സംസ്കൃതത്തിലൂടെ ഉത്തരങ്ങൾ പറയിപ്പിക്കുന്നു. ലഘുവാക്യങ്ങൾ എഴുതാൻ അവസരങ്ങൾ നൽകുന്നു. കഥാകഥനം, പ്രഭാഷണം, സംഭാഷണം പരിചയപ്പെടുത്തൽ, ദിനചര്യങ്ങൾ തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. | 6 മാസം | സംസ്കൃതക്ലബ്<br>സി.ഡി<br>പുസ്തകങ്ങൾ<br>മാഗസിൻ<br>ആനുകാലിത പ്രസിദ്ധീകരണങ്ങൾ, ലൈബ്രറി<br>ഭാഷാലാബ് | പി ടി എ |
| 2. പ്രകൃതി സ്നേഹം, ജീവിത ശൈലികൾ, വന സംരക്ഷണം, ഔഷധ സസ്യങ്ങളെ കുറിച്ചുള്ള അറിവ് | സുഭാഷിതങ്ങൾ പഠിക്കുന്നു. അന്യായം,ആശയം എന്നിവ എഴുതിക്കുന്നു. ജീവിതശൈലികളെ പരിചയപ്പെടുത്തുന്നതിനായി ദൃശ്യാവിഷ്കരണങ്ങൾ നൽകുന്നു. പ്രകൃതിയുമായി കൂടുതൽ ഇണങ്ങുവാൻ അവസരം നൽകുന്നു. | 6 മാസം | സ്വാതന്ത്ര്യസമര സേനാനികൾ, പുരസ്കാര ജേതാക്കൾ, കൃഷിഓഫീസർ,<br>എഴുത്തുക്കാർ എന്നിവരുടെ സാന്നിദ്ധ്യം | പി ടി എ<br>എച്ച്. എം |
| 3. ശാസ്ത്രസാങ്കേതിക വിദ്യകളിൽ സംസ്കൃതത്തിന്റെ സംഭാവന എന്നിവയിൽ നല്ല അവബോധമുണ്ടാക്കുക. സംസ്കൃതത്തിന്റെ ശാസ്ത്ര പാരമ്പര്യം | ഹൈസ്കൂൾ തലത്തിൽ വിദ്യാർത്ഥികളെ ശാസ്ത്രപാരമ്പര്യത്തെകുറിച്ചുള്ള പാഠഭാഗങ്ങൾ പരിചയപ്പെടുത്തുന്നു.<br>ഐ. സി.ടി ദൃശ്യങ്ങൾ പുസ്തകപരിചയണം, എന്നിവ നടത്തുന്നു. സെമിനാറുകൾ, പ്രദർശിനി എന്നിവ സംഘടിപ്പിക്കുന്നു. | 1 വർഷം | സി.ഡി, പുസ്തകങ്ങൾ, ചരിത്രകാരൻമാർ, മാഗസിൻ ആനുകാലിത പ്രസിദ്ധീകരണങ്ങൾ, ലൈബ്രറി, ഭാഷാലാബ് | പി ടി എ<br>പൂർവ്വ വിദ്യാർത്ഥികൾ, ശാസ്ത്രജ്ഞൻമാർ |
| 4. ഭാഷാപ്രയോഗം | സെമിനാറുകൾ, ചോദ്യോത്തരവേളകൾ, സംഭാഷണങ്ങൾ, അഭിമുഖങ്ങൾ എന്നിവ മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിക്കുന്നു. പ്രൊജക്ട് തയ്യാറാക്കുന്നു. | 1 വർഷം | ഐ.സി.ടി ഭാഷാലാബുകൾ, പ്രദർശിനി | പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| 5 സംഭാണ ശിബിരങ്ങൾ വിദ്യാർത്ഥികളെ കൊണ്ട് സംഘടിപ്പിക്കുന്നു. | പല സംഭാഷണ ശിബിരങ്ങൾ വിദ്യാർത്ഥികൾ സംഘടിപ്പിക്കുന്നു. ആത്മ വിശ്വസവും ഭാഷയും വർദ്ധിപ്പിക്കുന്നു. | 3 മാസം | ചിത്രങ്ങൾ ഭാഷാ ലാബുകൾ | പി ടി എ പൂർവ്വ വിദ്യാർത്ഥികൾ |
| 6. ആശയ പ്രകടനം സർഗവാസനകളെ നൈസർഗികമായി പ്രകടിപ്പിക്കുക, പൈതൃക സംരക്ഷണം | പ്രഭാഷണങ്ങൾ നിമിഷ പ്രസംഗങ്ങൾ, ലേഖന സൃഷ്ടികൾ, മാഗനിൻ തയ്യാറാക്കൽ, സമ്മാന വിതരണം, പ്രസിദ്ധീകരണങ്ങൾ എന്നിവ നടപ്പിലാക്കുന്നു. | 1 വർഷം | സാഹിത്യ സദസ്സുകൾ, ലേഖന സ്പർധകൾ, എക്സിബിഷൻ | പി ടി എ പൂർവ്വ വിദ്യാർത്ഥികൾ |

# ACADEMIC MASTER PLAN - 2025-26
## ARABIC - HS

| ക്രമ നമ്പർ | പാഠ്യപദ്ധതി | പ്രവർത്തനങ്ങൾ | കാലം ദൈർഘ്യം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷയുടെ നാലു തലങ്ങൾ ശ്രമണം, ഭാഷണം, പഠനം, ലേഖനം, എന്നീ മേഖലകളെ ഉറപ്പിക്കുന്നു. | 1. അറബിക് പദങ്ങൾ വാക്യങ്ങൾ എന്നിവ ഐ. സി.ടി സഹായത്തോടെ ധാരാളം കേൾപ്പിക്കുന്നു. നിർദ്ദേശങ്ങൾ അനുസരിച്ച് വായിപ്പിക്കുന്നു. ലഘുവാക്യങ്ങൾ എഴുതുവാൻ അവസരങ്ങൾ നൽകുന്നു. കഥാകഥനം, പ്രഭാഷണം, സംഭാഷണം, പരിയപ്പെടുത്തൽ, ദിനചര്യങ്ങൾ തയ്യാറാക്കൽ എന്നി പദവർത്തനങ്ങൾ നടപ്പിലാക്കുന്നു. | 6 മാസം | സിഡി, ചിത്രങ്ങൾ, പുസ്തകങ്ങൾ കമ്പ്യൂട്ടർ ലാബ് ഭാഷാലാബ് | പി ടി എ |
| 2 | ഭാഷാപ്രയോഗം | സെമിനാറുകൾ ചോദ്യോത്തര വേളകൾ, സംഭാഷണങ്ങൾ അഭിമുഖങ്ങൾഎന്നിവ മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിക്കുന്നു. പ്രൊജക്ട് തയ്യാറാക്കുന്നു. | 1 വർഷം | ഐ. സി. ടി ഭാഷാ ലാബുകൾ | പി ടി എ പൂർവ്വ വിദ്യാർത്ഥികൾ |
| 3 | ആശയ പടകടനം നൈസർഗീകമായി പ്രകടിപ്പിക്കുക. പൈതൃക സംരക്ഷണം | പ്രഭാഷണങ്ങൾ ക്വിസ് മൽസരങ്ങൾ നിമിഷ പ്രസംഗങ്ങൾ ലേഖന സൃഷ്ടികൾ മാഗസിൻ തയ്യാറാക്കൽ എന്നിവ നടപ്പിലാക്കുന്നു. | 1 വർഷം | സാഹിത്യ സദസ്സുകൽ ലേഖന സ്പർദ്ധകൾ | പി ടി എ പൂർവ്വ വിദ്യാർത്ഥികൾ |
| 4 | സദാചാര പരിശീലനം, ജീവിത ശൈലികൾ മഹത് വചനങ്ങൾ, ലക്ഷ്യ ബോധം ജീവിത നേട്ടങ്ങൾ സഹജീവിസ്നേഹം, പ്രകൃതി സ്നേ ഹം | നല്ല പ്രവർത്തനങ്ങൾ ചെയ്യാനായി കൽപിക്കുന്ന ജീവിത ശൈവികളെ പരിചയപ്പെടുത്തുന്നതിനായി ദൃശ്യാവിഷ്കാരങ്ങൾ നൽക്കുന്നു. | 5 മാസം | സ്വാതന്ത്ര്യ സമരസേനാനികൾ, പുരസ്കാര ജേതാക്കൾ, എഴുത്തുക്കാർ, കൃഷി ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യം | പി ടി എ എച്ച് എം |
| 5 | അറബി ഭാഷയുടെ പാരമ്പര്യം ഭാഷയുടെ ആധുനികത്വം, ശാസ്ത്ര സാങ്കേതിക വിദ്യകളിൽ അറബിക്കിന്റെ സംബാവന എന്നിവയിൽ നല്ല അവബോധമുണ്ടാക്കുക | ഹൈസ്കൂൾ തലത്തിൽ വിദ്യാർത്ഥികളെ ശാസ്ത്രപാരമ്പര്യത്തെ കുറിച്ചുള്ള പാഠഭാഗങ്ങൾ പരിചയപ്പെടുത്തുന്നു. പൗരാണിക ശാസ്ത്രങ്ങളും ആധുനിക സംബന്ധവും വ്യക്തമാക്കുന്നു. സെമിനാറുകൽ സംഘടിപ്പിക്കുന്നു. | 1 വർഷം | സി. ഡി, പുസ്തകങ്ങൾ ചരിത്രകാരൻമാർ മാഗസിൻ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലൈബ്രറി ഭാഷാലാബ് | പി ടി എ പൂർവ്വ വിദ്യാർത്ഥികൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

## ഭാഷാ വികസനം
## ലക്ഷ്യങ്ങൾ

1. അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക

2. കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക

3. ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൽ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.

4. എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്ന് ഉറപ്പുവരുത്തുക

5. സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ

6. ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| ക്രമ നമ്പർ | പാഠ്യപദ്ധതി | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | യു. പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും, പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | 1. അക്ഷരം എഴുത്ത്<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>4. ക്ലാസ്സിൽ അക്ഷകമാല പ്രദർശനം<br>5. വാക്കുകൾ നിർമ്മാണം<br>6. വാക്യങ്ങളുടെ നിർമ്മാണ് | June to August | അക്ഷര ചാർട്ട് പാഠപുസ്തകം | BRC, DIET, Resource Teacher |
